ഉത്തരം

(എ) സംസ്ഥാനത്തെ ബധിര–മൂക കായികതാരങ്ങൾക്കായി സ്പോർട്സ് ഹോസ്റ്റൽ നിലവിലില്ല.

(ബി, സി) ഇത് സംബന്ധിച്ച ഒരു നിവേദനം സ്പോർട്സ് കൗൺസിലിൽ ലഭിച്ചിട്ടുണ്ട്. ബധിര–മൂക കായികതാരങ്ങൾക്കായി ഒരു സ്പോർട്സ് ഹോസ്റ്റൽ തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തൽക്കാലം പരിഗണനയിലില്ല.

ആലത്തൂരിൽ സ്പോർട്സ് സ്കൂൾ

67 [1200] ശ്രീ. എ. വി. ഗോപിനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂരിൽ അനുവദിച്ച സ്പോർട്സ് സ്കൂളിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) സംസ്ഥാനത്ത് ആലത്തൂർ ഉൾപ്പെടെ പുതുതായി 3 (മൂന്ന്) സ്പോർട്സ് സ്കൂളുകൾ ആരംഭിക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ അവയുടെ ഭരണ നിയന്ത്രണത്തെ സംബന്ധിച്ച് തീരുമാനമായിട്ടില്ല. ആയതിനാൽ അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു.

കെ.എസ്.ആർ.ടി.സി. ബസ്സുകൾ വിറ്റതിലെ ക്രമക്കേടുകൾ

68 [1210] ശ്രീ. ലോനപ്പൻ നമ്പാടൻ:
,, ടി. കെ. രാമകൃഷ്ണൻ:
,, വി. ജെ. തങ്കപ്പൻ:
,, എ. പത്മകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗതാഗത വകുപ്പ് മന്ത്രിയുടെ കാലത്ത് കെ.എസ്.ആർ.ടി.സി.-യുടെ 1359 ബസ്സുകൾ വിറ്റതിൽ നടന്നതായി പറയപ്പെടുന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ബസ്സുകൾ വിൽപ്പന നടത്തിയതിൽ കോർപ്പറേഷന് എന്ത് തുകയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) എന്ത് വിലയ്ക്കാണ് ഓരോ ബസ്സും ലേലത്തിന് പോയിട്ടുള്ളതെന്ന വിവരവും ബസ്സുകൾ ലേലത്തിൽ പിടിച്ചവരുടെ പേരു വിവരവും അടങ്ങുന്ന ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) ബസ് വിൽപ്പനയിൽ ക്രമക്കേട് നടത്തിയിട്ടുണ്ടോയെന്ന് അന്വേഷണം നടത്താൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ക്രമക്കേടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിനാൽ അന്വേഷണം നടത്തിയിട്ടില്ല.

(ബി) നഷ്ടം ഉണ്ടായിട്ടില്ല.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) പരാതി ലഭിച്ചാൽ അന്വേഷണം നടത്തുന്നതാണ്.

കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ ഇന്ധന വിനിയോഗ സംവിധാനം

69 [1218] ശ്രീ. ജോർജ് മസ്ക്രീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ഇന്ധന വിനിയോഗ സംവിധാനം പുനഃക്രമീകരിക്കാൻ കേന്ദ്രം ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് തുകയാണ് സഹായമായി ലഭിക്കുന്നത്;

(സി) ഈ തുക എന്തെല്ലാം പരിപാടികൾക്ക് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈയിനത്തിൽ കേന്ദ്രസഹായം വാഗ്ദാനം ചെയ്തുകൊണ്ടുള്ള യാതൊരു അറിയിപ്പും ഇതേവരെ ലഭിച്ചിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

കുലശേഖരം, പ്ലാവോട് എന്നീ റൂട്ടുകളിലെ നിർത്തലാക്കിയ ബസ്സുകൾ പുനഃസ്ഥാപിക്കുവാൻ നടപടി

70 [1225] ശ്രീ. എം. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുലശേഖരം, പ്ലാവോട് എന്നീ റൂട്ടുകളിലേക്ക് സർവ്വീസ് നടത്തിക്കൊണ്ടിരുന്ന ഏതെങ്കിലും ബസ് സർവ്വീസ് നിറുത്തൽ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവ്വീസ് റദ്ദ് ചെയ്തതുമൂലം സ്ഥല വാസികൾ യാത്രാക്ലേശം അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നിറുത്തലാക്കിയ സർവ്വീസുകൾ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത റൂട്ടുകളിലെ ബസ്സുകൾ നിറുത്തൽ ചെയ്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly